**സാഹിത്യം**

കെ.കെ മുഹമ്മദ് അബ്ദുൽ കരീം

# അറബി-മലയാള സാഹിത്യം

**ഇസ്‌ലാംമത** മിഷനറിമാരുടെ ആഗമനഘട്ടത്തിൽ മിക്ക ഏഷ്യൻ-യൂറോപ്യൻ ഭാഷകൾക്കും വ്യവസ്ഥാപിതമായ ലിപികളുണ്ടായിരുന്നില്ല. കേരളത്തിലെത്തിയ ഇസ്‌ലാം മതപ്രബോധകർക്ക് മതപരമായ വിഷയങ്ങൾ മാതൃഭാഷയിൽ എഴുതി പഠിപ്പിക്കാനും വൈജ്ഞാനികഗ്രന്ഥങ്ങളും ഫത്‌വ(മതവിധി)കളും എഴുതാനും ഒരു പ്രത്യേക അക്ഷരമാല ആവിഷ്കരിക്കേണ്ടി വന്നു. നിരവധി ഏഷ്യൻ യൂറോപ്യൻ ഭാഷകൾക്കും ഈദൃശങ്ങളായ ലിപികൾ നിർമിച്ചിട്ടുണ്ട്. അറബി-തമിഴ്, അറബി-കന്നഡ, അറബി-ബംഗാളി, അറബി-കശ്മീരി, അറബി-തുർക്കിസ്താനി, അറബി-ബർക്കൂരി (ബഢ്ഗലി), അറബി-മാലി, അറബി-മലേഷ്യാ, അറബി-പുഷ്ത്ത്, ഹിന്ദുസ്താനി, ഫാർസി, അറബി-സിന്ധി, അറബി-തുർക്കി, അറബി-സ്വിസ്‌ലി (സ്വഖ്‌ലിയ്യഃ), അറബി-ഉന്ത്‌ലുസ്, അറബി-താഷ്ക്കന്റ് മുതലായവ ഉദാഹരണം. സോവിയറ്റ് റഷ്യയിൽ അടുത്ത കാലത്ത് സ്വതന്ത്രമായ മുസ്‌ലിം സ്റ്റേറ്റുകളിൽനിന്ന് അറബിലിപികളുടെ സ്വാധീനം നശിപ്പിക്കാൻ കമ്യൂണിസത്തിന് കഴിഞ്ഞില്ല. മുസ്ത്വഫാ കമാൽപാഷ അറബി-തുർക്കി ലിപിയെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് നിർമാർജനം ചെയ്യാൻ പരിശ്രമിച്ചു. അദ്ദേഹം തുർക്കിഭാഷാ ലിപിയുടെ സ്ഥാനത്തുനിന്ന് അറബി അക്ഷരമാല നിഷ്കാസനം ചെയ്തു പകരം വച്ചത് ലാറ്റിൻ ലിപി. പക്ഷേ, ഇന്നും തുർക്കികൾ അറബി-തുർക്കി ലിപിയിൽ മുദ്രണം ചെയ്ത പഴയ മതഗ്രന്ഥങ്ങൾ താൽപര്യപൂർവം പാരായണം ചെയ്യുന്നുവെന്ന് പത്രറിപ്പോർട്ടുകൾ പറയുന്നു.

ഇസ്‌ലാംമത പ്രചാരണത്തിന്റ ആരംഭദശയിൽ കേരളത്തിൽ തമിഴിൽനിന്ന് പൂർണമായും സ്വതന്ത്രമാകാത്ത ഒരു സങ്കര ഭാഷയായിരുന്നു വാമൊഴിക്കും ഉപയോഗിച്ചിരുന്നത്. തന്നിമിത്തം എഴുത്ത് പ്രചാരത്തിലുണ്ടായിരുന്നില്ല. തുഞ്ചത്തെഴുത്തച്ഛന്റെ കാലം വരെ കേരളീയർ വരമൊഴിക്ക് അപൂർവമായ നിലയിൽ കോലെഴുത്തും വട്ടെഴുത്തുമാണ് ഉപയോഗിച്ചുവന്നത്.

മുസ്‌ലിം പണ്ഡിതർക്കും വിദ്യാർഥികൾക്കുമെല്ലാം ഇസ്‌ലാമിക സാങ്കേതിക പദങ്ങളും വിശുദ്ധ ഖുർആനും ഹദീസും മറ്റും സാക്ഷാൽരൂപത്തിൽ എഴുതാൻ അറബി ലിപി അനുപേക്ഷണീയമായിരുന്നു. തന്നിമിത്തം അറബി അക്ഷരമാലയിലെ ചില ലിപികൾക്ക് പ്രത്യേകമായി ചിഹ്നങ്ങൾ നൽകി മലയാള ഭാഷക്കനുയോജ്യമായ നൂതനാക്ഷരങ്ങൾ ഉണ്ടാക്കി മലയാളഭാഷക്കനുയുക്തമായി ഏർപ്പെടുത്തിയ ഈ ലിപിസമൂഹം അറബി-മലയാളം എന്ന പേരിൽ പരക്കെ അറിയപ്പെടുന്നു. മുസ്‌ലിംകളിൽപെട്ട ഉത്തര കന്നടക്കാർക്കും ഇന്ന് തമിഴ്നാട്ടിൽ പെടുന്ന ദക്ഷിണ തിരുവിതാംകൂർ നിവാസികൾക്കും ഈ ലിപി അനായാസം വായിക്കാൻ കഴിഞ്ഞിരുന്നു. അറബി-മലയാളം കേരളത്തിലെ ചില പ്രദേശങ്ങളിൽ മാപ്പിള ലിപി, പാട്ടെഴുത്ത് ലിപി എന്നീ പേരുകളിലും അറിയപ്പെട്ടിരുന്നു. അറബി-മലയാള ലിപിയുടെ ആവിഷ്കർത്താവ് ആരാണെന്ന് വ്യക്തമല്ല. അറബി ലിപിയിൽ എഴുതപ്പെടുന്ന ഇതര ഭാഷാ ലിപികളുടെ ആവിഷ്കർത്താക്കളും അജ്ഞാതം തന്നെ. വെള്ളാട്ടി മസ്അല, നിസ്ക്കാരപ്പാട്ട്, ഇശ്റൂന സ്വിഫാത്ത്, വാജിബാത്തുൽ മുസ്‌ലിമീൻ മുതലായ പുരാതന കൃതികൾ സസൂക്ഷ്മം പരിശോധിച്ചാൽ ആദ്യകാല അറബി-മലയാളത്തിന് വെറും മുപ്പത്തഞ്ച് അക്ഷരങ്ങൾ മാത്രമാണുണ്ടായിരുന്നതെന്നൂഹിക്കാം. മലയാള ഭാഷക്ക് ചിട്ടപ്പെടുത്തിയതും വ്യവസ്ഥാപിതവുമായ ആദ്യാക്ഷരമാലയത്രെ 'അറബി-മലയാളം.' കോലെഴുത്ത് പഠിപ്പിക്കാൻ അക്കാലത്തെ പണ്ഡിതൻ ഒരു അക്ഷരമാല നിർമിച്ചിരുന്നു. തലശ്ശേരി സ്വദേശിയായിരുന്ന കാരക്കൽ മമ്മദ് സാഹിബ് പിൽക്കാലത്ത് ക്രോഡീകരിച്ച 'പഞ്ചമാല' എന്ന കൃതിയിൽ അതിലെ ഏതാനും ഭാഗം ഉൾക്കൊള്ളുന്നു. ആദ്യകാലം മുതൽതന്നെ വട്ടെഴുത്തിനേക്കാളും കോലെഴുത്തിനേക്കാളും തുലോം ഭംഗിയിലും ചടുലമായും ആശയപ്രചാരണത്തിന് അറബി-മലയാളം പ്രയുക്തമായിത്തീർന്നു. കേരള ചരിത്രവും, മാതൃഭാഷാ സാഹിത്യത്തിലെ വികാസപരിണാമങ്ങളും അഗാധമായി പഠിച്ച ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള അവർകൾ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'പ്രകാശിതവും അപ്രകാശിതവുമായ ആയിരക്കണക്കിൽ ഗദ്യ-പദ്യ(പാട്ട്) പുസ്തകങ്ങൾ അറബി-മലയാളത്തിലുണ്ടെന്ന് കേൾക്കുന്നു. വടക്കൻ കേരളയാത്രക്കിടയിൽ അവയിൽ പലതും ഞാൻ വായിച്ചു;

കേട്ടു. എല്ലാ ശാസ്ത്രങ്ങളെക്കുറിച്ചുമുള്ള നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങളും നിഘണ്ടുക്കളും അതിൽ പെടുന്നു. കണ്ണൂരിലെ അറക്കൽ അലി രാജാവിന്റെ പിൻഗാമികൾ കേരളം അടക്കി വാണിരുന്നുവെങ്കിൽ, മലയാളഭാഷയുടെ സർവാംഗീകൃത ലിപിതന്നെ അറബി-മലയാളമാക്കുമായിരുന്നു.' (യുവകേരളം, പുസ്തകം 2 ലക്കം: 3)

അറബി-മലയാള ലിപിയുടെ ആദ്യകാല പരിഷ്കർത്താക്കളിൽ പ്രമുഖരാണ് മമ്പുറം സയ്യിദ് അലവി തങ്ങൾ, അദ്ദേഹത്തിന്റെ പുത്രനായ സയ്യിദ് ഫദ്ൽ പൂക്കോയതങ്ങൾ മുതലായവർ. അവരുടെ സമകാലികരും വിഖ്യാത മതപണ്ഡിതരുമായിരുന്ന വെളിയങ്കോട് ഉമർഖാദി, പരപ്പനങ്ങാടിയിലെ നഹാ ഗോത്രാംഗമായ മൗലാനാ അബൂബക്കർകോയ മുസ്‌ലിയാർ (അവുക്കോയ മുസ്‌ലിയാർ) മുതലായാവർ പിൽക്കാലത്തെ അറബി-മലയാള ലിപി പരിഷ്കർത്താക്കളിൽ സുപ്രധാനികളത്രെ. മൗലാനാ അബ്ദുർറഹ്മാൻ മഖ്ദൂം തങ്ങൾ എന്ന ചെറിയ ബാവ മുസ്‌ലിയാർ, ഫത്ഹുൽ ഫത്താഹ് (മൂന്നുവാല്യങ്ങൾ), ബൃഹദ് ഗ്രന്ഥസംഗ്രഹമായ ഫൈദുൽ ഫയ്യാദ്, സഫലമാല (ചരിത്ര-ആധ്യാത്മികം) മഹാകാവ്യം മുതലായവയുടെ രചയിതാവായ അണ്ടത്തോട് നിവാസി ശുജാഈ മൊയ്തു മുസ്‌ലിയാർ എന്നിവരും ലിപി പരിഷ്കർത്താക്കളത്രെ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാതിയിൽ തിരൂരങ്ങാടിയിൽനിന്ന് അറബി-മലയാളത്തിൽ 'ഹിദായത്തുൽ ഇഖ്‌വാൻ' എന്ന പേരിൽ ഒരു വൃത്താന്തമാസിക പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ അധിപർ മമ്പുറം സയ്യിദ് അലവി തങ്ങളുടെ പൗത്രനായ സയ്യിദ് അബ്ദുല്ലക്കോയ തങ്ങളായിരുന്നു. തങ്ങളുടെ ലിപിപരിഷ്കരണത്തിന് പരിഗണനാർഹമായ പ്രചാരണം നൽകിയത് കേരളമുസ്‌ലിം നവോത്ഥാന തേരാളികളിൽ സമുന്നതനായ തിരൂരിലെ സി. സെയ്താലിക്കുട്ടി മാസ്റ്റർ അവർകളായിരുന്നു. അദ്ദേഹം സ്കൂൾ വാധ്യാരും മാപ്പിളസ്കൂൾ ഇൻസ്പെക്ടറും നല്ല അറബി-മലയാളം ഭാഷാ പണ്ഡിതനുമായിരുന്നു. അദ്ദേഹത്തിന്റെ *സ്വലാഹുൽ ഇഖ്‌വാൻ, റഫീഖുൽ ഇസ്‌ലാം* എന്നീ പത്ര മാസികാഗ്രന്ഥങ്ങൾ കേരള മുസ്‌ലിംകളെ ആധുനിക വിദ്യാഭ്യാസവുമായി ഇണക്കുന്നതിനനുഷ്ഠിച്ച വിലപ്പെട്ട സേവനങ്ങൾ വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല. 'ഭൂമിയുടെ ആകൃതി ഉരുണ്ടതാണെന്ന് വിശ്വസിക്കുന്നവർ കാഫിറാണ്' എന്ന കീളക്കര നൂഹ് കണ്ണ് മുസ്‌ലിയാർ അവർകൾ തന്റെ 'ഫത്ഹുന്നൂർ' എന്ന അറബി-മലയാള ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരുന്നു. ആ ഗ്രന്ഥം പുറത്തുവന്നപ്പോൾ സി. സെയ്താലിക്കുട്ടി മാസ്റ്റർ ഭൂമി ഉരുണ്ടതാണെന്ന് സ്ഥാപിച്ചുകൊണ്ട് സ്വലാഹുൽ ഇഖ്‌വാനിൽ മൂന്നുലക്കങ്ങളിൽ മുഖലേഖനം എഴുതി. കടലിൽ സഞ്ചരിക്കുന്ന ഒരു കപ്പലിന്റെ ചിത്രവും അതിൽ ചേർത്തിരുന്നു. സ്വലാഹുൽ ഇഖ്‌വാൻ, റഫീഖുൽ ഇസ്‌ലാം, മുമ്പു സൂചിപ്പിച്ച ഹിദായത്തുൽ ഇഖ്‌വാൻ മുതലായ അറബി-മലയാളപത്രങ്ങളിലെ പ്രസിദ്ധ ലേഖകരിൽ ചിലർ ചാലിലകത്ത് അലിഹസൻ മൗലവി, അദ്ദേഹത്തിന്റെ സഹോദരനായ അബ്ദുല്ലമൗലവി, സയ്യിദ് സനാഉല്ലാഹ് മഖ്ദീതങ്ങൾ. ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർ മുതലായവരായിരുന്നു. ഈ കൂട്ടത്തിൽ പെട്ട ചാലിലകത്ത് സഹോദരന്മാർ കേരള മുസ്‌ലിം നവോദ്ധാരകരിൽ ശ്രദ്ധേയനായ മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ മാതുലരത്രെ. അവരിരുവരും മഹാകവി ചാക്കീരി മുഹ്‌യിദ്ദീൻ കുട്ടി സാഹിബിനു വേണ്ടി ധാരാളം ഗ്രന്ഥങ്ങൾ അറബിയിൽനിന്ന് ഭാഷാന്തരം ചെയ്തിട്ടുണ്ട്. മഹല്ലി, ശർഹു ജൗഹറതുത്തൗഹീദ്, ശർഹുൽ രിക്കം, സീറത്തുന്നബി(ദഹ്‌ലാൻ) മുതലായവ അവരുടെ വിവർത്തനങ്ങളിൽ പെടുന്നു. തുഹ്ഫഃയുടെ രണ്ടുഭാഗവും ചാലിലകത്ത് അലി ഹസൻ മുസ്‌ലിയാർ അറബി-മലയാളത്തിലേക്ക് ലിപിമാറ്റം ചെയ്തിട്ടുണ്ട്. അവ ചാക്കീരി മുഹ്‌യിദ്ദീൻ കുട്ടി സാഹിബാണ് മുദ്രണം ചെയ്യിച്ചത്.

അറബി-മലയാള ലിപി മാതൃഭാഷാ ലിപിക്കൊപ്പം ഉയർത്താൻ അതീവയത്നം ചെയ്ത മഹാനുഭാവനും ധീരത്യാഗിയുമാണ് സയ്യിദ് സനാഉല്ലാഹ് മഖ്ദീ തങ്ങൾ അവർകൾ. തദാവശ്യാർഥം അദ്ദേഹം *മുഅല്ലിമുൽ ഇഖ്‌വാൻ* എന്ന മഹൽ ഗ്രന്ഥം രചിച്ചു. ആ അറബി-മലയാള പാഠപുസ്തകത്തിലെ ലിപി പരിഷ്കരണം ഉർദു അക്ഷരങ്ങളുടെ മാതൃകയിലായിരുന്നു. തന്നിമിത്തം തങ്ങളുടെ ലിപി പരിഷ്കരണത്തിന് വേണ്ടത്ര പ്രചാരണം കിട്ടിയില്ല. കൊച്ചി കൽവത്തിയിൽനിന്ന് മഖ്ദീ തങ്ങൾ അറബി-മലയാള ലിപിയിൽ *തുഹ്ഫത്തുൽ അഖ്‌യാർ വ ഹിദായത്തുൽ അശ്‌റാർ* എന്ന പേരിൽ ഒരു അറബി-മലയാള പ്രതിപക്ഷ പത്രം ഒരു വർഷത്തോളം നടത്തി. അത് കണ്ടുപിടിച്ച് അവതരിപ്പിച്ചതും, *മുഅല്ലിമുൽ ഇഖ്‌വാനിൽ* ഉദ്ധരിച്ചതുമായ പരിഷ്കൃത ലിപിയിലാണ് മുദ്രണം ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ ആത്മമിത്രവും വിഖ്യാതപണ്ഡിതനുമായിരുന്ന കൊച്ചി സ്വദേശി ചേനത്തുവളപ്പിൽ ഹൈദ്രൂസുബ്നു അബ്ദിർറഹ്മാൻ എന്ന അടിമ മുസ്‌ലിയാർ തൊള്ളായിരത്തിൽ പരം പേജ് വരുന്ന *ഇബ്റാസുൽ ഇനായ ഫീ ശർഹി ബിദായത്തിൽ ഹിദായഃ* എന്ന ബൃഹദ് ഗ്രന്ഥം രചിച്ചതും പ്രസിദ്ധീകരിച്ചതും മഖ്ദീ തങ്ങളുടെ ലിപി പരിഷ്കരണ രീതി പ്രകാരമത്രെ. ഹൈദ്രോസീ ഖബീലക്കാരനായ അടിമ മുസ്‌ലിയാർ അക്കാലത്തെ മഹോന്നതനായ അറബിക്കവിയും അറബി-മലയാള ഗ്രന്ഥകാരനുമായിരുന്നു. അദ്ദേഹം കോഴിക്കോട് ഖാദിയും പ്രഗത്ഭ ഗ്രന്ഥകാ

രനും അറബി, അറബി-മലയാള കവിയുമായിരുന്ന കിൽസിങ്കാന്റ കത്ത് അബൂബക്കർകുഞ്ഞി ഖാദിയുടെ ശിഷ്യനായിരുന്നു. 'മുഹ്യിദ്ദീൻമാല' (ഖാദി മുഹമ്മദിന്റേത്)ക്ക് *ഖുർറത്തുൽ ഐൻ* എന്ന നാമധേയത്തിൽ അടിമമുസ്‌ലിയാർ ഒരു വ്യാഖ്യാനം രചിച്ച് കൊച്ചി കൽവത്തിയിൽനിന്ന് മുദ്രണം ചെയ്തു.

ഡച്ചുകാർ മുന്നൂറിൽപരം വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ വൃക്ഷങ്ങൾ, സസ്യങ്ങൾ മുതലായവയെക്കുറിച്ച് ചിത്രസഹിതം 'ഹോർത്തുസ് മലബാറിക്കൂസ്' (കേരളാരാമം) എന്ന പേരിൽ 500 പേജ് വരുന്ന പന്ത്രണ്ടു വാല്യമുള്ള ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിന്റെ പുതിയ പതിപ്പ് അടുത്ത കാലത്ത് ദൽഹിയിൽനിന്നു പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടത്രെ. കേരളത്തിലെ വൃക്ഷസസ്യാദികളുടെ പേരുകൾ ചിത്രത്തോടൊപ്പം അറബി, മലയാളം, നാഗര ലിപി, ലത്തീൻ എന്നീ നാല് ഭാഷകളിൽ അതിൽ ചേർത്തിട്ടുണ്ട്. കേരളത്തിന്റെ മരങ്ങൾക്കും സസ്യങ്ങൾക്കുമെല്ലാം അറബി പേര് നൽകിയത് ഒരു ക്രൈസ്തവ പാതിരിയാണെന്ന് ചിലർ രേഖപ്പെടുത്തിയത് ശരിയല്ല. മൗലാനാ ഹൈദ്രൂസുബ്നു അബ്ദിർറഹ്മാൻ എന്ന അടിമ മുസ്‌ലിയാർ 'ഹോർത്തൂസ് മലബാറിക്കൂസ്' (കേരള രാമം) എന്ന ഗ്രന്ഥരചനയെക്കുറിച്ച് എഴുതിയത് കാണുക:

'ശൈഖുൽ മശാഇഖ് അബ്ദുൽകരീം ജീലി എന്നവർ കൊച്ചിയിൽ വന്ന് പെരുത്ത് കാലം താമസിച്ചു. അദ്ദേഹത്തിൽനിന്ന് പലരും ഇൽമും നസ്വീഹത്തും കേട്ട് പഠിച്ചിരുന്നു. നമുക്ക് അറിയപ്പെടുന്ന സൈനുദ്ദീൻ മഖ്ദൂം മഅ്ബരി തങ്ങൾ മുതലായ അനേകം ദീനിന്റെ ഹുജ്ജത്തുക്കളായിരുന്ന ആലിമുകൾ എല്ലാവിധ ഇൽമും ഉള്ളവരായിരുന്നു. കൊച്ചിയിലെ ഖാദിൽ ഖുദാത്ത് ശൈഖ് അബ്ദുല്ലാഹിബ്നു അഹ്മദൽ മഅ്ബരി തങ്ങളും അവരുടെ മുതഅല്ലിമീങ്ങളും മുരീദന്മാരുമായിരുന്ന ഒരു കൂട്ടം ഉലമാക്കന്മാർ മലബാറിലെ മരങ്ങൾക്കും മരുന്നു ചെടികൾക്കും പേര് കണ്ടുപിടിച്ചു. അവ ലന്തക്കാരായ ഈസായി(ക്രിസ്ത്യാനി)കളുടെ ബുക്കിൽ ചേർത്തിയിരിക്കുന്നുവെന്നും പറഞ്ഞു കേട്ടു' (*അൽ ഇൽമു വ ഹയാത്തുൽ ഇസ്‌ലാം* പേജ്: 5).

ആധുനിക മലയാള ഭാഷാ ലിപിക്കനുയോജ്യമാം വിധം അറബി-മലയാള ലിപി പരിഷ്കരിച്ചത് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി അവർകളാണ്. അദ്ദേഹം മഖ്ദീ തങ്ങളുടെ ലിപി പരിഷ്കരണത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി. അംഗീകൃതമായ അറബി-മലയാള അക്ഷരമാലകൾ എഴുതി മുദ്രണം ചെയ്ത് അദ്ദേഹം ഹിജ്റ 1311-ൽ ഒന്നാമത്തെ അക്ഷരമാല രചിച്ചു. അതിന് *തസ്‌വീറുൽ അഹ്ഫ്* എന്ന് നാമകരണം ചെയ്തു. ഈ ലഘു പുസ്തകം മൗലാനാ തന്റെ *തസ്ഹീലു അദ്ഹാനിൽ ഇഖ്‌വാൻ ഫീ തഅ്ലീമി സബാനെ ഹിന്ദുസ്താൻ* എന്ന പുസ്തകത്തിലെ ഒന്നാം അധ്യായമായിട്ടാണ് പ്രസിദ്ധീകരിച്ചത്. ആ അപൂർവ പുസ്തകം തലശ്ശേരി സ്വദേശിയായിരുന്ന കാരക്കൽ സഊദ് അലി വാളക്കുളത്ത് സ്ഥാപിച്ചിരുന്ന മള്ഹറുൽ മുഹിമ്മാത്ത് എന്ന ലിത്തോപ്രസ്സിൽനിന്ന് ഹിജ്റ 1312-ൽ മുദ്രണം ചെയ്തു. 1312-ൽ മൗലാനാ തന്നെ പരിഷ്കരിച്ച അറബി-മലയാള അക്ഷരമാല മാതൃഭാഷാ വ്യാകരണ സൂചനയോടുകൂടി എഴുതി പ്രസിദ്ധപ്പെടുത്തി. അത് മൗലാനയുടെ കോഴിക്കോട് നല്ലളത്തെ പ്രസ്സിൽനിന്നാണ് അച്ചടിച്ചത്. അക്കാലത്തായിരുന്നു ആലപ്പുഴയിൽനിന്നും മൗലാനാ സുലൈമാനുബ്നു ആദം മുസ്‌ലിയാർ അവർകൾ 'മണിവിളക്ക്' എന്ന പേരിൽ ഒരു അറബി-മലയാള മാസിക പ്രസിദ്ധീകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ വത്സല ശിഷ്യഗണത്തിൽ പ്രമുഖനായിരുന്നു വക്കം എം. മുഹമ്മദ് അബ്ദുൽഖാദിർ മൗലവി അവർകൾ. സുലൈമാൻ മുസ്‌ലിയാരുടെ നിർദേശാനുസാരം വക്കം, അറബി-മലയാളം ലിപി പരിഷ്കരണരംഗത്ത് ഗണ്യമായ നിലയിൽ പ്രവർത്തിച്ചു. അദ്ദേഹം മൗലാനാ ചാലിലകത്തിന്റെ ലിപി പരിഷ്കരണത്തിൽ അകാര-ഉകാരത്തിൽ മാത്രം മാറ്റം വരുത്തിയെന്നു പറയാം. കീമിയാഉസ്സആദഃ, അഹ്ലുസ്സുന്നത്തി വൽ ജമാഅഃ, അഹ്കാമുത്തജ്‌വീദ് മുതലായ ഗ്രന്ഥങ്ങളും അൽ-ഇസ്‌ലാം മാസികയും സ്വപരിഷ്കൃത ലിപിയിൽ തന്നെയാണ് അദ്ദേഹം അച്ചടിച്ചിരുന്നത്. പക്ഷേ, മൗലവി സാഹിബിന്റെ ലിപി പരിഷ്കരണത്തിന് കേരളത്തിൽ സാർവത്രികമായ അംഗീകാരം ലഭിച്ചില്ല. കേരളത്തിലെ വ്യത്യസ്ത ചിന്താഗതിക്കാരായ മുസ്‌ലിംകൾ ഒന്നടങ്കം മൗലാനാ ചാലിലകത്തിന്റെ ലിപി പരിഷ്കരണമാണ് ഇന്നും അനുകരിക്കുന്നതും അംഗീകരിക്കുന്നതും.

കേരള മുസ്‌ലിം ഐക്യസംഘം, കേരള ജംഇയ്യത്തുൽ ഉലമാ എന്നീ പരിഷ്കരണ പ്രസ്ഥാനക്കാർ നീണ്ട കാലത്തോളം പരിഷ്കരണ (തജ്ദീദ്) സംരംഭത്തിന് അറബി-മലയാളം ലിപിയിലുള്ള മാസികാ പത്രങ്ങളും ഗ്രന്ഥങ്ങളും ലഘുലേഖകളുമാണ് പ്രചരിപ്പിച്ചിരുന്നത്. ആദ്യകാലത്ത് കേരള നദ്‌വത്തിന്റെ മദ്റസാ പാഠപുസ്തകങ്ങളിൽ വലിയ ഭാഗവും അറബി-മലയാളത്തിലായിരുന്നു.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ ഇദംപ്രഥമമായി അറബി-മലയാള ലിപിയിൽ ആരംഭിച്ച മാസികയായിരുന്നു 'അൽബയാൻ.' സ്ഥാപക പത്രാധിപർ എ.പി അഹ്മദുകുട്ടി മൗലവി(പാങ്ങ്). തുടർന്ന് വാളക്കുളം, പരപ്പനങ്ങാടി എന്നീ പ്രദേശങ്ങളിൽനിന്ന് കെ.പി.എ മൊയ്തീൻകുട്ടി മുസ്‌ലിയാർ (പറവണ്ണ), അബുൽകമാൽ കെ. മുഹമ്മദ്

മൗലവി, ടി. അബൂബക്കർ മുസ്‌ലിയാർ (കോട്ടുമല) എന്നിവരുടെ പത്രാധിപത്യത്തിലും *അൽബയാൻ* സുമാർ പത്ത് വർഷത്തോളം നടന്നു. അവസാനം സമസ്തക്കാരും അറബി-മലയാള *അൽബയാൻ* നിർത്തി. പിന്നീട് മാതൃഭാഷാ ലിപിയിൽ മറ്റൊരു അൽ-ബയാൻ ടി.കെ അബ്ദുല്ല മൗലവി (മാട്ടൂൽ) സുമാർ പത്ത് വർഷം നടത്തി.

കേരള നദ്‌വത്തും കേരള ജംഇയ്യത്തുൽ ഉലമയും കേരള ജമാഅത്തെ ഇസ്‌ലാമിയും അറബി-മലയാള പഠനത്തെ നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. കൂടുതൽ ഭാഷാ പഠനത്തിന് ഊന്നൽ നൽകാനാണ് ആ മാർഗം അംഗീകരിച്ചത് എന്നുപറയുന്നു. എന്നാൽ കേരള മുസ്‌ലിംകളുടെ ചിരപുരാതനമായൊരു സാഹിത്യ സമ്പത്തിനെ അഗണ്യ കോടിയിലേക്ക് തള്ളി നശിപ്പിക്കാൻ ആ നയം വഴിതെളിയിച്ചുവെന്ന വസ്തുത മറന്നുകൂടാ. നമ്മുടെ പണ്ഡിത സംഘടനകൾ അവരുടെ മദ്റസാ പാഠപുസ്തകങ്ങളിൽ ചിലതെങ്കിലും അറബി-മലയാളം ലിപിയിൽ തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്. അക്കാര്യത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ അഭിനന്ദനമർഹിക്കുന്നു. സമസ്ത കേരളയുടെ വിദ്യാഭ്യാസ ബോർഡ് നടത്തുന്ന *മുഅല്ലിം* മാസികയിൽ ഒരു ഭാഗം അറബി-മലയാള ലേഖനത്തിനായി നീക്കിവെച്ചിട്ടുണ്ടെന്നതും ശ്ലാഘനീയം തന്നെ.

ലോകത്തിലെ ഏതൊരു ഭാഷാ പദങ്ങളും ആധുനിക അറബി-മലയാള ലിപിയിൽ ഉർദുവിലെന്നപോലെ എഴുതാൻ കഴിയും. കേരള മുസ്‌ലിംകളുടെ സാംസ്കാരിക പൈതൃകത്തിന്റെ അഭിമാനകരമായി പഠന-ചിന്താ സാഹിത്യസമ്പത്താണ് അറബി-മലയാള ഗ്രന്ഥകൂമ്പാരത്തിൽ ഒതുങ്ങിക്കഴിയുന്നത്. അതിനെയെല്ലാം അന്ധവിശ്വാസാനാചാരങ്ങളുടെ ഇരിപ്പിടമെന്ന് കരുതി നശിപ്പിക്കാനൊരുമ്പെടരുത്. നമ്മുടെ മഹനീയമായ ഭൂതകാല ചരിത്ര പാരമ്പര്യത്തെക്കുറിച്ച് അടുത്ത തലമുറക്ക് ഗവേഷണം നടത്താൻ ആ വിലപ്പെട്ട സാഹിത്യ സമ്പത്ത് സംരക്ഷിച്ചേ തീരൂ. പുരുഷാന്തരങ്ങളിലൂടെ അറബി-മലയാള ലിപിയിൽ രചിച്ച ഗദ്യ-പദ്യകൃതികളുടെ എണ്ണം നിർണയിക്കുക സാധ്യമല്ല. ധാരാളം ഗ്രന്ഥങ്ങൾ പ്രകാശം കാണാതെ നശിച്ചുപോയി. അവശേഷിക്കുന്നവ കണ്ടെടുത്ത് സൂക്ഷിക്കാൻ വിജ്ഞാനകുതുകികൾ മുന്നോട്ടു വന്നേ തീരൂ. ഇന്ത്യൻസംസ്കാരത്തിനും അറബി-മലയാളം വലിയ സംഭാവന നൽകിയിട്ടുണ്ട്. അഷ്ടാംഗഹൃദയം മാപ്പിളപ്പാട്ട് അതിനുദാഹരണമാണ്.

അറബി-മലയാളം ചിലർ തെറ്റിദ്ധരിച്ചതുപോലെ മലയാളത്തിൽനിന്നു വ്യതിരിക്തമായ ഒരു സ്വതന്ത്രഭാഷയല്ല. അതിന്റെ ലിപി മാത്രമാണ് അറബി സ്വഭാവത്തിൽ. അതു വായിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദവും ആശയവുമെല്ലാം മലയാളം തന്നെ. ആ നിലയിലാണതിനു നമ്മുടെ പൂർവികർ അറബി-മലയാളം എന്ന സംജ്ഞ നൽകിയിട്ടുള്ളത്. ഇസ്‌ലാം വിശ്വാസം(അഖീദ), ഇസ്‌ലാം മതാനുഷ്ഠാനങ്ങൾ (അഅ്മാൽ), തസ്വവ്വുഫ് (ആത്മസംസ്കരണം), താരീഖ് (ചരിത്രം) എന്നീ വകുപ്പുകളിൽ ആയിരക്കണക്കിലുള്ള അറബി-മലയാള ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അറബിയിൽനിന്നും മറ്റും അനേകം ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുമുണ്ട്. പ്രകാശിതവും അപ്രകാശിതവുമായ അറബി-മലയാള ഗദ്യഗ്രന്ഥങ്ങളെല്ലാം തർജുമ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മതപരമായ പുസ്തകങ്ങൾക്ക് പുറമെ വൈദ്യം, ജ്യോതിഷം, വേദാന്തം, ഗണിതം, നോവൽ, ഹസ്തരേഖാ ശാസ്ത്രം, നിഘണ്ടു മുതലായ മറ്റനവധി വിഷയങ്ങളിലായി ധാരാളം ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. പ്രാചീന കാലത്തെ മാപ്പിള സാഹിത്യ ഗ്രന്ഥങ്ങളിലെ ഭാഷ ആദ്യകാലങ്ങളിൽ അശുദ്ധമായിരുന്നു. എന്നാൽ ഈ നൂറ്റാണ്ടിന്റെ ആദ്യശതകം തൊട്ടുണ്ടായ ഗ്രന്ഥങ്ങളിലെ ഭാഷ പൊതുവെ കുറ്റമറ്റതത്രെ. *കീമിയാഉസ്സആദഃ* (വിവർത്തനം), *അഹ്‌ലുസ്സുന്നത്തി വൽജമാഅഃ, അൽ-മഗാസി*(വിവർത്തനം), *സീറത്തുന്നബി* പരിഭാഷ, ഖിസ്വാസുൽ മുസ്ത്വഫീം, അന്നഫ്ഉൽഅമീം എന്ന അമ്മജുസ്അ് പരിഭാഷ (കെ.എം മൗലവി സാഹിബ്), തർജുമാനുൽ ഖുർആൻ (കെ. ഉമർമൗലവി) മുതലായ ഗ്രന്ഥങ്ങൾ ആ വിഭാഗത്തിൽപെടുന്നു. പാടൂർ കോയക്കുട്ടി തങ്ങളുടെ വൈതുല്യം (ഖസ്ദുസ്സബീൽ), *ഉംദത്തുൽ മുസ്വല്ലീൻ തർജമ* (പാട്ടത്തിൽ കുഞ്ഞിമൂസാ മുസ്‌ലിയാർ-തലശ്ശേരി), *തർജുമാനുൽ ഖുർആനിൽ ഹകീം* എന്ന മാഹിൻകുട്ടി എളയ അവർകളുടെ *തഫ്സീർ ജലാലൈനി* വിവർത്തനം (ഏഴ് വാള്യം), *ഫത്ഹുൽ ഫത്താഹ്* (മൂന്നുഭാഗം), തേനാട്ടിക്കൽ ഖാദിർകുട്ടി മുസ്‌ലിയാരുടെ ഖസ്വസുൽ അമ്പിയാ തർജമ (ആറുവാള്യം), നൂഹ് കണ്ണു മുസ്‌ലിയാരുടെ *ഫത്ഹുസ്സ്വമദ്, ഫത്ഹുൽഹന്നാൻ, ഫത്ഹുന്നൂർ, ഫത്ഹുൽമന്നാൻ, സനൂസി* തർജമ മുതലായ ഗ്രന്ഥങ്ങൾ സാധാരണക്കാരുടെ മതവിജ്ഞാനത്തിന് നാം സാധാരണ കരുതുന്നതിനേക്കാളും ഏറെ പ്രയോജകീഭവിച്ചിട്ടുണ്ട്. വെളിയങ്കോട് ഹസൻകുട്ടി മുസ്‌ലിയാർ, തിരൂരങ്ങാടിയിലെ സി.എച്ച് മുഹമ്മദ് മൗലവി മുതലായവർ വിശുദ്ധ ഖുർആനിലെ വലുതും ചെറുതുമായ അനേകം സൂറത്തുകൾ(അധ്യായങ്ങൾ)ക്ക് വിസ്തൃത വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ട്. പത്തുകിത്താബ് തർജുമ, മാപ്പിള ലബ്ബആലിം സാഹിബിന്റെ *അൽ-മഗാസീ* പരിഭാഷ എന്നീ ഗ്രന്ഥങ്ങൾക്ക് വലിയ പ്രചാരണം ലഭിച്ചിരുന്നു. മുസ്‌ലിം കേരളത്തിൽ മദ്റസാ പാഠപുസ്തക രചനക്ക് തുടക്കം കുറിച്ചത് ആലപ്പുഴ സുലൈമാൻ മുസ്‌ലിയാരും ശിഷ്യരുമാണ്. വക്കം മൗലവിയും മൗലാനാ ചാലി

ലകത്ത് കുഞ്ഞഹമ്മദ് ഹാജിയും ശിഷ്യരും അക്കാര്യത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. സമസ്തയും നദ്‌വത്തും ജമാഅത്തെ ഇസ്‌ലാമിയും ദക്ഷിണ കേരള ജംഇയ്യത്തും മദ്റസാ പാഠപുസ്തക രചനാ രംഗത്ത് പുരോഗതി നേടി.

മാതൃഭാഷയിലെ ഒന്നാമത്തെ ശാസ്ത്രീയ നോവൽ ഒ. ചന്തുമേനോന്റെ ഇന്ദുലേഖയായിരുന്നല്ലോ. ക്രി.വ 1889-ൽ പ്രസിദ്ധീകരിച്ച ആ കൃതിയുടെ ഒന്നാം പതിപ്പിന് വില രണ്ടണയായിരുന്നു. അത് പുറത്തു വന്നിട്ട് 109 വർഷമായി. യഥാർഥത്തിൽ ചില ആംഗ്ലേയ നോവലുകൾ അനുകരിച്ചാണ് അത് എഴുതിയത്. എന്നാൽ ഹിജ്റ 1303-ലാണ് പണ്ഡിതവര്യനായ അമീർ ഖുസ്റു പേർഷ്യൻ ഭാഷയിലെഴുതിയ *ചഹാർ ദർവേശ്* എന്ന വിഖ്യാത നോവൽ അറബി മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. അതായത് 109 വർഷം മുമ്പ് അറബി-മലയാളത്തിൽ നോവൽ സാഹിത്യ വിവർത്തനം പ്രസിദ്ധീകരിച്ചു. 1303-ൽതന്നെ തലശ്ശേരിയിൽനിന്ന് 'തത്തയുടെ കഥ' എന്ന നോവൽ പരിഭാഷയും വെളിച്ചം കണ്ടു. അറബി മലയാളത്തിൽ പരിഭാഷയായും സ്വതന്ത്രമായും രചിച്ച അത്യുത്തമങ്ങളായ അമ്പതോളം നോവലുകളുണ്ട്. ഉമറയ്യാർ ഖിസ്സ, ഖമറുസ്സമാൻ, നൂർജഹാൻ, മന്ത്രികുമാര ചരിത്രം, അമീർ ഹംസ(അഞ്ചുഭാഗം), കുൽസനോബറോട് എന്തുചെയ്തു? ശംസുസ്സമാൻ, അൽഫുലൈല വലൈല (പരിഭാഷ), ബദ്റുൽ മുനീർ ഹുസ്നുൽ ജമാൽ (ഗദ്യവിവർത്തനം) മുതലായവ അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. കെ.സി കോമുക്കുട്ടി മൗലിവിയുടെ ഖദീജകുട്ടി (നിസാഉൽ ഇസ്‌ലാം മാസികയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച നോവൽ), കെ.കെ മുഹമ്മദ് ജമാലുദ്ദീൻ മൗലവി സാഹിബിന്റെ സൈനബാ, ഖിദ്ർ നബിയെ കണ്ട നഫീസ, സൈദലവി കോയതങ്ങളുടെ സുബൈദ എന്നീ സ്വതന്ത്ര നോവലുകൾ ആധുനിക നോവൽ സാഹിത്യത്തോട് കിടപിടിക്കുന്നവയത്രെ.

### ഗാനസാഹിത്യം

അറബി-മലയാള ലിപികളിൽ രചിച്ചിട്ടുള്ള ഗാനസാഹിത്യ സമുച്ചയം മാപ്പിളപ്പാട്ടുകൾ എന്ന നാമധേയത്തിലത്രെ അറിയപ്പെടുന്നത്. കല്യാണപ്പാട്ടുകൾ, ഒപ്പനപ്പാട്ടുകൾ, മാലപ്പാട്ടുകൾ (നേർച്ചപ്പാട്ടുകൾ), സഞ്ചാരപ്പാട്ടുകൾ (സർക്കീട്ട് പാട്ടുകൾ), വിരുത്തങ്ങൾ, വണ്ണങ്ങൾ, പദങ്ങൾ എന്നീ ഇശലുകളിലുള്ള പ്രത്യേക കൃതികൾ, തുമ്പിപ്പാട്ടുകൾ, കൊമ്പിന്റെ പാട്ടുകൾ, ഹഃഖാന, ആകാശം, ഭൂമി, പഴയ മിഅ്റാജ്, കപ്പപ്പാട്ട്, നൂൽ മദ്ഹ്, നൂൽ മാല ഇങ്ങനെ കണക്കറ്റ മാപ്പിള ഖണ്ഡപ്പാട്ട് സാഹിത്യങ്ങളുണ്ട്. ബദ്ർ, ഉഹുദ്, ഹിജ്റ, ഫുതൂഹുശ്ശാം, ബഹ്നസ്‌വൽ അഹ്നസ്, തബൂക്ക്, യർമൂക്ക്, യസൂദ് പട, മക്കം ഫത്ഹ്, മലപ്പുറം പടപ്പാട്ട്, ത്വാഇഫ് പടപ്പാട്ട്, ഖന്തഖ് പടപ്പാട്ട്, ഹുനൈൻ പടപ്പാട്ട്, മുഅ്ത്ത പടപ്പാട്ട്, ഖൈബർ പടപ്പാട്ട്, ജിന്നു പടപ്പാട്ടുകൾ, ഖിലാഫത്ത് ലഹളപ്പാട്ടുകൾ മുതലായ നൂറിൽപരം കൃതികൾ പടപ്പാട്ടുവിഭാഗത്തിലുൾപ്പെടുന്നു. കേരള മുസ്‌ലിം പണ്ഡിതരും കവികളും ആദ്യകാലങ്ങളിൽ തങ്ങളുടെ സൃഷ്ടികളിൽ രചനാകാലവും രചയിതാവിന്റെ പേരും രേഖപ്പെടുത്തിയിരുന്നില്ല. തദ്ഫലമായി പൂർവകാല ഗ്രന്ഥങ്ങൾ ഏതെല്ലാമാണെന്ന് കണ്ടുപിടിക്കുക സാധ്യമല്ല. മാലപ്പാട്ടുവിഭാഗത്തിൽ കർതൃനാമവും രചനാകാലവും സൂക്ഷ്മമായി രേഖപ്പെടുത്തിയ ഭക്തിഗാനസാഹിത്യത്തിൽ അതി പ്രാധാന്യമർഹിക്കുന്നതാണ് 'മുഹ്‌യിദ്ദീൻ മാല.' ആ കൃതി അർവാചീനരും ആധുനികരുമായ മതപണ്ഡിതന്മാരുടെ പ്രശംസകൾക്കും വിമർശനങ്ങൾക്കും ശരവ്യമായിട്ടുണ്ട്. മുസ്‌ലിംകൾ പൊതുവെ രാത്രി കാലങ്ങളിലാണ് മാലപ്പാട്ടുകളും ഖിസ്സപ്പാട്ടുകളും വായിച്ചിരുന്നത്. തന്നിമിത്തം ആ പാരായണ സമ്പ്രദായം 'ശബീന' (രാത്രി ഉപയോഗിക്കുന്നത്) എന്ന പേർഷ്യൻ പദത്തിൽ അറിയപ്പെട്ടു. ശബീനപ്പാട്ട് അപിരേണ സബീനപ്പാട്ടായി ലഘൂഭവിച്ചതാണ്. ആശയപരമായി എന്തുതന്നെ എതിർപ്പുണ്ടായാലും 'മുഹ്‌യിദ്ദീൻ മാല' മനോഹരമായ ഒരു ഗാനസാഹിത്യമാണെന്ന് സമ്മതിക്കേണ്ടതുണ്ട്. കേരള മുസ്‌ലിംകളെ ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയാൽ സ്ഥാപിതമായതെന്നു പറയപ്പെടുന്ന ഖാദിരീത്വരീഖത്തിലേക്ക് ആകർഷിക്കുക എന്ന സോദ്ദേശ്യപരമായ കർത്തവ്യം കൂടി മുഹ്‌യിദ്ദീൻമാല നിർവഹിച്ചിട്ടുണ്ട്. അതിന്നൊരു സവിസ്തര വ്യാഖ്യാന കവിത (മുഖമ്മസ്സ്) എന്ന നിലയിലത്രെ രസികനും പണ്ഡിതവര്യനുമായ കുഞ്ഞായൻ മുസ്‌ലിയാർ നൂൽമാല രചിച്ചത്. മുഹ്‌യിദ്ദീൻ മാലയുടെ രചനാകാലം പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയത് കാണുക:

'കൊല്ലം യെളുന്നൂറ്റിയെൺപത്ത് ലണ്ടി*ൽ ഞാൻ
കോത്തേൻ ഇമ്മാലനെ നൂറ്റമ്പത്തഞ്ചുമ്മൽ
മുത്തും മാണിക്കവും ഒന്നായി കോത്തെപോൽ
മുഹ്‌യിദ്ദീൻ മാലനെ കോത്തേൻ ഞാൻ ലോകരെ'

കൊല്ലവർഷം 782-ൽ (386 വർഷങ്ങൾക്കു മുമ്പ്) ആണ് മുഹ്‌യിദ്ദീൻമാല രചിക്കപ്പെട്ടത്. കർത്താവ് കോഴിക്കോട് ഖാദിയും നിരവധി അറബി-പദ്യഗ്രന്ഥങ്ങളുടെ കർത്താവുമായിരുന്ന ഖാദി മുഹമ്മദ് അവർകളാണ്. അതിനെതുടർന്ന് വ്യത്യസ്ത ശൈഖന്മാരുടെ മുരീദന്മാർ അസംഖ്യം മാലപ്പാട്ടുകളും ഖിസ്സപ്പാട്ടുകളും രചിച്ചു. രിഫാഈ മാല, ശാദുലീമാല, ശാഹുൽ ഹമീദ് മാല, സുഹ്റവർദി മാല, മമ്പുറം മാല, ജിഫ്‌രി മാല, മഖ്ദൂം മാല അങ്ങനെ മാല വിഭാഗം നീണ്ടുപോകുന്നു. അതോടൊപ്പം തന്നെ മദ്ഹ് ഗാനങ്ങളും ജീവചരിത്ര ഗാനസാഹി

ത്യ(ഖിസ്സപ്പാട്ടുകൾ)വും അടിക്കടി വർധിച്ചുകൊണ്ടിരുന്നു. മുഹ്‌യിദ്ദീൻ ഖിസ്സപ്പാട്ട്, രിഫാഈ ഖിസ്സപ്പാട്ട്, ഇബ്‌റാഹീമുബ്നു അദ്ഹം ഖിസ്സപ്പാട്ട്, മമ്പുറം സയ്യിദ് അലവി ഖിസ്സപ്പാട്ട് മുതലായവ ആ വിഭാഗത്തിൽ പെടുന്നു.

മുഹ്‌യിദ്ദീൻമാലക്ക് ശേഷം അനേകം ഗദ്യ-ഗാന സാഹിത്യങ്ങൾ രചിച്ചിരുന്നു. കാല നിർണയവും കർത്തൃനാമവും രേഖപ്പെടുത്താത്തതു നിമിത്തം ആ ഗ്രന്ഥങ്ങളിൽ ഏതെല്ലാമാണ് പ്രാചീന കൃതികൾ എന്ന് കണിശമായി നിർണയിക്കുക സാധ്യമല്ല. കുഞ്ഞായിൻ മുസ്‌ലിയാർ രചിച്ച നൂൽ മദ്ഹാണ് മുഹ്‌യിദ്ദീൻ മാലക്ക് ശേഷം നിർമാണകാലം രേഖപ്പെടുത്തിയ രണ്ടാമത്തെ കൃതി. ഹിജ്റ 1151-ൽ ആണ് നൂൽ മദ്ഹ് എന്ന പ്രവാചക സ്തുതികീർത്തനം എഴുതിയത്. അതിന്റെ കർത്താവ് ആമുഖത്തിൽ രേഖപ്പെടുത്തിയതു നോക്കുക:

'വേദം അറിവ് യെളുതാമ്മൽ ഓതും ജബ്റാഈൽ മൊളിവത്‌യേണ്ടി അറബൽ തെളുന്തനൈ നാൻ മുഹമ്മദിൻ തിരിപേര് വൊണ്ടുക്ക് വൊരുമൊളിയായി വൊരായിരത്തിവെരുന്നൂത്ത് അൻപത്ത് വൊണ്ടാവതിൽ ചേർത്ത മാല തനൈ ചെഞ്ചൽ ഫുൻഞ്ചൽ ആകിലും ചെവിതരുവാർകളെ.....'

അറബി മലയാള സാഹിത്യ പ്രപഞ്ചത്തിൽ ആറായിരത്തോളം ഗദ്യ-ഗാന സാഹിത്യങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ആയിരക്കണക്കിനുള്ളവ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. ഖാദി മുഹമ്മദ്, അബൂബക്കർ കുഞ്ഞി ഖാദി, കുഞ്ഞായിൻ മുസ്‌ലിയാർ, വല്ലാഞ്ചിറ മുഹ്‌യിദ്ദീൻ ഹാജി, ബീരാൻകുട്ടിബ്നു മമ്മദ്കുട്ടി, ആലുങ്ങൽ ഹസൻ, ശുജാഈ മൊയ്തു മുസ്‌ലിയാർ, പക്കിത്താന്റകത്ത് കുഞ്ഞാവ, മാപ്പിളകവിസാമ്രാട്ട് മോയിൻകുട്ടി വൈദ്യർ, മടക്കിനിയകത്ത് മുഹമ്മദ്കുട്ടി മുല്ല, കമ്മുട്ടി മരക്കാർ, കാഞ്ഞിരാല കുഞ്ഞിരായിൻ, ആൽപുള്ളി ഉണ്ണീപ്പ, മാഞ്ഞാൻപുറത്ത് അബ്ദുൽ അസീസ് മൗലവി, ചാക്കീരി മുഹ്‌യിദ്ദീൻകുട്ടി, മുണ്ടമ്പ്ര ഉണ്ണി മമ്മദ്, ചോല പരീക്കുട്ടി ഹാജി, ഊരകം മാമ്മാലി ഹാജി, താനൂർ മൊയ്തീൻകുട്ടി മുല്ല, മാളിയേക്കൽ കുഞ്ഞമ്മദ് മുതലായ കവികളെയും കുണ്ടിൽ കുഞ്ഞാമിന, ഹലീമ ബീവി, സി.എച്ച് കുഞ്ഞാഇശ മുതലായ കവയിത്രികളെയും അവരുടെ മഹൽ സൃഷ്ടികളെയും വേണ്ടത്ര പരിചയപ്പെടുത്താൻ ഇവിടെ സാധ്യമല്ല.

പടപ്പാട്ടുകൾ മാപ്പിള മുസ്‌ലിംകളെ ബ്രിട്ടനും ജന്മിത്തത്തിന്നുമെതിരിൽ നിർബാധം പടപൊരുതാൻ കരുത്തരാക്കിയ ശക്തിമത്തായ മാധ്യമങ്ങളായിരുന്നു. ബദ്ർ, ഉഹുദ്, ഫത്ഹുശ്ശാം, മലപ്പുറം പടപ്പാട്ട്, ചേരൂർ പടപ്പാട്ട് മുതലായവ അവയിൽ പ്രസിദ്ധമായതത്രെ. ചേറൂർ പടപ്പാട്ട്, തൃക്കളൂർ പടപ്പാട്ട്, മണ്ണാർക്കാട് പടപ്പാട്ട് മുതലായവ ഇംഗ്ലീഷുകാർ കണ്ടുകെട്ടി. കേരള മുസ്‌ലിം സമൂഹത്തെ വളർത്തിയതിലും അവരെ ഒരു ജീവൽ സമൂഹമാക്കി ഉയർത്തിയതിലും അറബി-മലയാള സാഹിത്യ ലോകം വഹിച്ച പങ്ക് വേണ്ടത്ര വിലിയിരുത്താൻ പുതിയ തലമുറ സന്നദ്ധമാകണം.

* ആദ്യകാലത്ത് അറബി മലയാളത്തിൽ 'ര' എന്ന അക്ഷരമില്ലായിരുന്നു.